HON'BLE MR. N. KUNJURAMAN : അതിന്റെ വിവരം കയ്യിൽ ഇല്ല.

MR. K. SARANGADHARAN : തിരുവിതാംകൂറിലെ എല്ലാ സ്ക്കൂളുകളിലും ഹിന്ദി നടപ്പാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

MR. ABDUL AZIZ: On a point of order. It refers to the policy of the Government in regard to certain matters.

MR. PRESIDENT: Yes.

Manager in the Office of the Director of Public Instruction.

*94. MR. MANKUZHI M. MADHAVAN (*Chirayinkil III—General*) : Will the Hon'ble Minister for Education be pleased to state whether there was no Manager in the Office of the Director of Public Instruction for the last so many months?

HON'BLE MR. N. KUNJURAMAN: No. The post has been vacant from 1-1-1124.

Supply of rice in Chirayinkil Taluk.

*95. MR. MANKUZHI M. MADHAVAN: Will the Hon'ble Minister for Food be pleased to state whether the Government are aware of the fact that the rice supplied to Chirayinkil Taluk, especially in the coastal area, is almost rotten and unfit for human consumption?

HON'BLE MR. V. O. MARKOS: No rice which is unfit for human consumption has been distributed anywhere in the Chirayinkil Taluk. The distribution of ration is made on a uniform basis throughout the Taluk including coastal areas according to the availability of different varieties of rice.

MR. MANKUZHI M. MADHAVAN : പച്ചരി മാത്രമാണോ അവിടെ കൊടുക്കുന്നത് ?

HON'BLE MR. V. O. MARKOS : പച്ചരി മാത്രമല്ല. എന്നാൽ എല്ലാ സ്ഥലത്തും പച്ചരിതന്നെയാണ് അധികമായി കൊടുക്കുന്നത്.

ലാപ്സായ തുകകൾ.

*96. MR. P. NANU (*Chirayinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) ലാപ്സായ സംഖ്യകൾ കക്ഷികൾക്ക് തിരിയെ കൊടുക്കുന്നതിനു അനുവാദത്തിനായി ഫോറം-ൽ എത്ര അപേക്ഷകൾ, കത്തുകൾ ഇവ അക്കൗണ്ടാഫീസിൽ കിട്ടിയിട്ടുണ്ട് ?

(ബി) ആ അപേക്ഷകളോ, കത്തുകളോ, കിട്ടിയ തീയതിക്രമത്തിനാണോ അവ തീർപ്പു ചെയ്തിട്ടുള്ളതും ആർഡർകൾ പുറത്തയച്ചിട്ടുള്ളതും?

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Nanu.]

(സി) അല്ലാത്തപക്ഷം അതിനുള്ള കാരണം എന്താണ്?

(ഡി) റിഫണ്ട് ബിൽ അനുവദിച്ചു കിട്ടുന്നതിനു അക്കൗണ്ടാഫീസിൽ ഹാജരായോ, അല്ലാതെയോ പ്രത്യേകമായി ശ്രമിക്കുന്ന കക്ഷികൾക്കു മുൻകൂട്ടി അതു ലഭിക്കുന്നെന്നും, അല്ലാത്തവർക്ക് അവ ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്നും ഗവണ്മെൻറിനു അറിവുണ്ടോ?

(ഇ) ഫാമിൽ ലാപ്സു ആകുകയും, റീഫണ്ടു ചെയ്യുന്നതിനു അനുവാദത്തിനുള്ള അപേക്ഷകളോ, ലറവുകളോ, ബില്ലുകളോ അക്കൗണ്ടാഫീസിൽ കിട്ടിയതിൽ ഒരാഴ്ചയ്ക്കുള്ളിൽ തീർച്ചപ്പെടുത്തി അയച്ചിട്ടില്ലാത്തവയുടെ എണ്ണം എത്രയാണെന്നും താമസത്തിനുള്ള കാരണം എന്താണെന്നും പറയാൻ മനസ്സുണ്ടാകുമോ?

HON'BLE MR. A. J. JOHN :

(എ) ഫാമിൽ ലാപ്സായറീഫണ്ട് ബില്ലുകൾ പൂജ്യം.

(ബി) സാധാരണ ഗതിയിൽ ബില്ലുകൾ ഒരാഴ്ചയ്ക്കകം തന്നെ തിരിച്ചയയ്ക്കുന്നുണ്ട്. അതു് ഇവിടെ വരുന്ന തീയതിക്രമം അനുസരിച്ചു കൊടുക്കുന്നു.

(സി) കൂടുതൽ വിവരങ്ങൾ കിട്ടേണ്ട ആവശ്യമുണ്ടെങ്കിൽ ചില ബില്ലുകൾ ചിലപ്പോൾ താമസിച്ചുവെന്നു വന്നേക്കാം. ഏതെങ്കിലും ബിൽ കിട്ടുന്നതിനു അനാവശ്യമായി താമസിച്ചിട്ടുണ്ടെങ്കിൽ അറിയിച്ചാൽ അതിനുവേണ്ട അന്വേഷണങ്ങൾ നടത്തുന്നതാണ്.

(ഡി) & (ഇ) ഫാമിനു കുടിശ്ശികത്തിൽ നൂറ്റിരുപത്തിയൊന്നു ബില്ലുകൾ വന്നിട്ടുണ്ട്. അതിൽ നൂറ്റിപതിനൊന്നു ബില്ലുകൾ ഒരാഴ്ചയ്ക്കകം തിരിച്ചു അയച്ചിട്ടുണ്ട്. ഫാമിനു ബില്ലുകൾ രണ്ടാഴ്ചയ്ക്കകം തിരിച്ചയച്ചിട്ടുണ്ട്. നൂറ്റിരുപത്തിയൊന്നു എണ്ണം രണ്ടാഴ്ച കഴിഞ്ഞശേഷമേ അയച്ചിട്ടുള്ളൂ. വിവരങ്ങൾ അറിയേണ്ടതുകൊണ്ടു് അവ താമസിക്കുന്നതാണ്. ബാക്കി മാസങ്ങളിലെ കണക്കു തരുന്നതിനു സമയം കുറവായതുകൊണ്ടു് സാദ്ധ്യമായില്ല.

MR. P. NANU : ബില്ലുകൾ ആഫീസിൽ കിട്ടുന്ന തീയതിക്രമമനുസരിച്ചു് തീർച്ച ചെയ്യണമെന്നു് ഉത്തരവു കൊടുക്കുന്നതിനു വിരോധമുണ്ടോ?

HON'BLE MR. A. J. JOHN : ചില ബില്ലുകളെ സംബന്ധിച്ചു് കൂടുതൽ വിവരം അറിയേണ്ടതുണ്ടെങ്കിൽ അത്തരത്തിലുള്ള ഉത്തരവു കൊടുക്കാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANU : ഇങ്ങനെ ഒരു സഹകരണം അവർക്ക് കൊടുത്താൽ ആവശ്യമില്ലാത്തതുപോലും വച്ചു താമസിപ്പിക്കുകയില്ലേ ?

HON'BLE MR. A. J. JOHN : ആവശ്യമുള്ള വിവരങ്ങൾ അറിയാതെ ഡിസ്പോസ് ചെയ്യണമെന്നു പറഞ്ഞാൽ ബിൽ അങ്ങനെതന്നെ പാസാക്കേണ്ടിവരും.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. ബാക്കിയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ സിക്രട്ടറിയുടെ മേശപ്പുറത്തു വയ്ക്കുന്നതാണു.

WRITTEN ANSWERS.

സക്കാരിൽനിന്നും കിട്ടേണ്ടപണം

*97, MR. P. NANU : താഴെക്കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) സക്കാർ ആഫീസുകളിൽനിന്നും പൊതുജനങ്ങൾക്കു കിട്ടേണ്ട പണങ്ങൾക്കുള്ള അപേക്ഷകളോ, അനുവാദത്തിനായി അയയ്ക്കുന്ന ബില്ലുകളോ തീർച്ചു ചെയ്യുന്നതിനോ, പാസ്സാക്കുന്നതിനോ കാലനിർണ്ണയം ചെയ്തുള്ള രൂപം ഇപ്പോൾ ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ അതനുസരിച്ചു നടക്കുന്നുണ്ടോ ?

(സി) ബില്ലുകളോ, പണം കിട്ടുന്നതിനുള്ള അപേക്ഷകളോ ആഫീസിൽ കിട്ടുന്ന തീയതിക്രമത്തിനാണോ തീർച്ച ചെയ്യുകയോ പാസ്സാക്കുകയോ ചെയ്യുന്നതു?

(ഡി) അല്ലാത്തപക്ഷം തീയതിക്രമത്തിനു പാസ്സാക്കുകയോ തീർച്ചു ചെയ്യുകയോ ചെയ്യാൻ ഇടയാകാഞ്ഞതിനുള്ള കാരണങ്ങൾ എന്തെല്ലാമാണു?

HON'BLE MR. A. J. JOHN :

(a) No specific rule has been prescribed; the practice and procedure however require such claims being disposed of as expeditiously as possible.

(b) Does not arise in view of (a) above.

(c) Yes; so far as the claims relate to the Accountant General's Office.

(d) Does not arise in view of the answer to (c).

LIBRARY ARCHIVES Kerala Legislative Assembly